ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വലിയ കാലതാമസത്തിനിട യില്ല. ആലപ്പുഴ ഒരു സബ്ഡിവിഷൻകൂടി ഉണ്ടാക്കുകയാണ ചെയ്തത്.

ശ്രീ. എം. വി. ചെറിയാൻ: പെരിയാറിന്റെ തീരപ്രദേശങ്ങ ളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കി എന്നു പറഞ്ഞല്ലോ. കോട്ടയം ഡിസ്ട്രിക്റ്റിൽപ്പെട്ട മുവാറ്റുപുഴ റിവർവാലി സ്കീം അതിൽ ഉൾ പ്പെട്ടതെന്നറിയാമോ ?

MR. SPEAKER : You are supplying information. That is disallowed.

കുഴൽക്കിണറുകൾ.

* 476. [8] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യ ത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

രണ്ടാംപഞ്ചവത്സരപദ്ധതി അനുസരിച്ച് തീരദേശത്തു സ്ഥാപി ക്കാനുദ്ദേശിക്കുന്ന കുഴൽക്കിണറുകൾ എത്ര; ഓരോ തീരദേശതാലൂക്കിലും എത്രവീതം ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): രണ്ടാംപഞ്ചവത്സര പദ്ധതിയനുസരിച്ചു തീരപ്രദേശങ്ങളിൽ 180 കുഴൽക്കിണറുകൾ സ്ഥാപി ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഓരോ തീരദേശതാലൂക്കിലും എത്ര എണ്ണം വേണമെന്നു നിശ്ചയിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : പ്ലാൻ തയാറാക്കി കഴിഞ്ഞിട്ടും ഓരോ താലൂക്കിലും എത്ര കുഴൽക്കിണറുകൾ വീതം സ്ഥാപിക്കാൻ ഉദ്ദേശി ക്കുന്നുണ്ടെന്ന് ഒരു ലിസ്റ്റ് തയാറാക്കാത്തതു എന്താണ് ?

ശ്രീ. എ. എ. റഹിം : ആ പ്ലാനിൽ പ്രത്യേകമായി ഓരോ താലൂ ക്കിലും എത്രയെണ്ണം വേണമെന്നു തീരുമാനിച്ചിട്ടില്ല. മൊത്തം 180 എണ്ണം വേണമെന്നു തീരുമാനിച്ചിട്ടുണ്ട്. സ്ഥലം തിരുമാനിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : കേന്ദ്രത്തിൽനിന്നും നാം ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതുകൊണ്ടു് ഇതിൽ വല്ല വ്യത്യാസവും വരാൻ ഇടയുണ്ടോ ?

ശ്രീ. എ. എ. റഹിം : 36 ലക്ഷം രൂപയാണ് കുഴൽക്കിണറിന്റെ ആവശ്യത്തിലേക്ക് ആവശ്യപ്പെട്ടിട്ടുള്ളതു്. അതിൽനിന്നും കുറവുവരു ത്തിയിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: ഈ 180 കുഴൽക്കിണറുകൾ കഴി പ്പിക്കുന്നതിനു 36 ലക്ഷം രൂപ വേണ്ടിവരുമോ ?

ശ്രീ. എ. എ. റഹിം : 36 ലക്ഷം രൂപ വേണ്ടിവരുമെന്നാണു ഉദ്ദേ ശിച്ചിട്ടുള്ളതു്. കൂടുതൽ തുക മുഴുവും വരുന്നപക്ഷം കൂടുതൽ കുഴൽക്കി ണറുകൾ കഴിപ്പിക്കാം.

ശ്രീ. പി. കെ. യശോധരൻ : എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ തീരുമാനിച്ചതു് ?

ശ്രീ. എ. എ. റഹിം : ഒരെണ്ണത്തിനു ഉദ്ദേശം ഇരുപതിനായിരം രൂപ ചെലവുവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രാക്കുളം ഭാസി : ഇതിനുമുമ്പ് ഈ രാജ്യത്ത് നമുക്കെത്ര കഴൽകിണറുകൾ ആവശ്യമുണ്ടെന്നു തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ എ. എ. റഹിം : 60 എണ്ണം വേണമെന്ന് നേരത്തെ തീരുമാനിച്ചു.

ശ്രീ. പ്രാക്കുളം ഭാസി : അതിൽ എത്രയെണ്ണം കഴിച്ചുകഴിഞ്ഞു?

ശ്രീ. എ. എ. റഹിം : അഞ്ചെണ്ണം കഴിച്ചുകഴിഞ്ഞു.

ശ്രീ. പ്രാക്കുളം ഭാസി : ബാക്കി അൻപത്തിഅഞ്ചെണ്ണം ഈ ബഡ്ജറ്റ് വർഷത്തിൽ തീരുമെന്ന് വിചാരിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : അതിനുവേണ്ടി ശ്രമിക്കുകയാണ്. ഇപ്പോൾ ഒരു എൻജിൻ പ്രവർത്തനം തുടങ്ങിയിരിക്കുകയാണ്. മറ്റൊരു എൻജിനും പ്രവർത്തിച്ചു തുടങ്ങാൻ പോകുന്നു. രണ്ടെണ്ണംകൂടി രണ്ടു മാസത്തിനകം ഇവിടെ പ്രവർത്തനം തുടങ്ങും. ഇതെല്ലാംകൂടി പ്രവർത്തിച്ചുതുടങ്ങിയാൽ ബാക്കിയുള്ള അൻപത്തിഅഞ്ചെണ്ണം തീർക്കുവാൻ സാധിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : എന്തു സമയം എടുക്കും ഒരു കഴൽ കിണർ കഴിക്കുന്നതിനു് ?

ശ്രീ. എ. എ. റഹിം : ഒരെണ്ണത്തിനു ഒരാഴ്ച മാത്രമെ ഇപ്പോൾ എടുക്കുന്നുള്ളൂ.

കടലാക്രമണം.

477. [9] ശ്രീ. യു. നിലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ കടലാക്രമണം തടയാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം ഭാഗത്താണ് നടപ്പിൽ വരുന്നതു് ;

(ബി) പെരുമാതുറ മുതൽ കായിക്കരവരെയുള്ള കടൽത്തീരം ഈ പ്ലാനിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു് ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) താഴെ പറയുന്ന പ്രദേശങ്ങളിലാണ് ഉദ്ദേശിച്ചിട്ടുള്ളതു്. അഴിക്കോടു്, കൊടുങ്ങല്ലൂർ തീരപ്രദേശം, ചെല്ലാനം മുതൽ മാനാശേരി വരെ, നായരമ്പലം മുതൽ ഇടവനക്കാടുവരെ, പള്ളിത്തോടു മുതൽ ചെല്ലാനംവരെ, തുക്കുന്നപ്പുഴ, ചവറ, മുതലപ്പൊഴി, കോവളം, പാച്ചല്ലൂർ, പട്ടണം, തുമ്പൂർ, കൊല്ലംകോടു്, പൂന്തുറ.

(ബി) ഇല്ല. കടലാക്രമണം ഏറ്റവും ബാധിച്ചിരുന്ന പ്രദേശങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. യു. നിലകണ്ഠൻ : പെരുമാതുറമുതൽ കായിക്കരവരെ കടലാക്രമണം വളരെ ഭയങ്കരമായി ഉണ്ടായിരുന്നതുകൊണ്ടു് മൻ പി. എസ്. പി. സർക്കാർ കോമ്പൻസേഷൻ കൊടുക്കുകയും ഏതാണ്ടു് 10000 ചാക്കു് മണ്ണു് അടിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly